പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 65

28.06.2016 ൽ
മറുപടിക്ക്

**നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ), (ബി) & (സി) | നഗരൂർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി നഗരൂർ പഞ്ചായത്ത് വക ഇരുനില കെട്ടിടത്തിന്റെ മുകളിലത്തെ നില പഞ്ചായത്ത് വിട്ടുനൽകിയിരുന്നതും ആയത് പരിശോധിച്ചതിൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനത്തിന് യോഗ്യമല്ല എന്ന് കണ്ടതിനാൽ മറ്റേതെങ്കിലും സൗകര്യപ്രദമായ കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്നതിന് നഗരൂർ പഞ്ചായത്ത് അധികാരികളോടും ചിറയിൻകീഴ് തഹസീൽദാരോടും വകുപ്പ് തലത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിന് യോജിച്ച മറ്റ് കെട്ടിടമോ സ്ഥലമോ നഗരൂർ വില്ലേജിൽ ലഭ്യമല്ല എന്ന വിവരമാണ് ചിറയിൻകീഴ് തഹസീൽദാർ അറിയിച്ചിട്ടുള്ളത്. |
| ബി) ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടവും മറ്റ് ഭൗതിക സാഹചര്യവുമൊരുക്കാമെന്നുള്ള തീരുമാനം നഗരൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ടോ; | | |
| സി) ഉണ്ടെങ്കിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ